**OFFICE OF THE COCHIN DEVASWOM BOARD**
**Round North, Thrissur – 680 001**
PH: 2331124, 2327028 FAX : 2335874, 2327029
E-mail. admin @cochindevaswomboard.org

No. A9.989/18 Dated: 05/06/2018

## കൊച്ചിൻ ദേവസ്വം ബോർഡ്
## ക്വട്ടേഷൻ പരസ്യം

കൊച്ചിൻ ദേവസ്വം ബോർഡ് ഭരണത്തിലുള്ള 4 ജില്ലകളിലായി സ്ഥിതി ചെയ്യുന്ന (തൃശ്ശൂർ, പാലക്കാട്, മലപ്പുറം, എറണാകുളം) ദേവസ്വങ്ങളിലും, ക്ഷേത്രങ്ങളിലും ലോക്കറിലും മറ്റും സൂക്ഷിച്ചിട്ടുള്ളതും സ്റ്റോക്കിലുള്ളതുമായ ഉരുപ്പടികൾ, ആഭരണങ്ങൾ തുടങ്ങിയവ ഡിജിറ്റൽ ഡോക്യുമെന്റേഷൻ ചെയ്യുന്നതിന്റെ ഭാഗമായി ടി ഉരുപ്പടികൾ HD വീഡിയോ റെക്കോർഡിങ്ങ് നടത്തി ദേവസ്വങ്ങൾ തിരിച്ച് ഡിസ്ക്കുകളാക്കി സൂക്ഷിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതാണ്. അതുപ്രകാരം ഓരോ ഉരുപ്പടിയും വാല്യുബിൾ രജിസ്റ്റർ നമ്പറിന്റെ അടിസ്ഥാനത്തിൽ ഓരോ ഡിജിറ്റൽ ഫയലായി വെവ്വേറെ തയ്യാറാക്കി, ഓരോ ക്ഷേത്രത്തിന്റെയും, ഓരോ ദേവസ്വത്തിന്റെയും റെക്കോർഡ് ചെയ്ത ഇനങ്ങളെല്ലാം കൂടി ഒരു ഡിജിറ്റൽ ഫോൾഡറാക്കി സൂക്ഷിക്കുന്ന ജോലികൾ ചെയ്യുന്നതിനുവേണ്ടി, ഈ മേഖലയിൽ പ്രവർത്തനപരിചയവും, യോഗ്യതയുമുള്ള സ്ഥാപനങ്ങൾ/വ്യക്തികളിൽ നിന്നും പ്രസ്തുത പ്രവർത്തികൾ നിർവ്വഹിക്കുന്നതിന് വേണ്ടി മത്സര സ്വഭാവമുള്ള ക്വട്ടേഷൻ ക്ഷണിക്കുന്നു. ടി പ്രവൃത്തി ഏറ്റെടുക്കുന്നവർക്ക് കൊച്ചിൻ ദേവസ്വം ബോർഡ് ആസ്ഥാനത്തു നിന്നും ഉദ്യോഗസ്ഥരോടൊപ്പം (തൃശ്ശൂരിൽ നിന്നും) യാത്ര ചെയ്യുവാനുള്ള വാഹന സൗകര്യവും, റെക്കോർഡിങ്ങിന് ആവശ്യമായ സൗകര്യങ്ങളും വകുപ്പിൽ നിന്നും ചെയ്തു തരുന്നതാണ്. ഏകദേശം 2 മാസത്തിനുള്ളിൽ പ്രസ്തുത ജോലികൾ പൂർത്തീകരിക്കാവുന്ന രീതിയിൽ, ടി പ്രവർത്തികൾക്ക് ക്വട്ടേഷനിൽ നിരക്ക് രേഖപ്പെടുത്തി നൽകേണ്ടതാണ്. ക്വട്ടേഷനോടൊപ്പം തൃശ്ശൂരിൽ മാറാവുന്ന 20,000/-കയുടെ ഡിഡി (സ്പെഷ്യൽ ദേവസ്വം കമ്മീഷണറുടെ പേരിൽ) നിരതദ്രവ്യമായി അടക്കം ചെയ്യേണ്ടതാണ്. പരസ്യത്തിൽ ഉൾപ്പെടുത്തിയ നിബന്ധനകൾ അനുസരിച്ച് എല്ലാ ജോലികളും ഭംഗിയായി പൂർത്തീകരിച്ച് ബന്ധപ്പെട്ട എല്ലാ ഡിജിറ്റൽ രേഖകളും വകുപ്പിന് കൈമാറിയിട്ടുണ്ടെന്ന് അസിസ്റ്റന്റ് കമ്മീഷണർ (വാല്യുബിൾസ്) സാക്ഷ്യപ്പെടുത്തുന്ന മുറക്ക് നിരതദ്രവ്യം സംഖ്യ റീഫണ്ട് ചെയ്തു നൽകുന്നതാണ്. ക്വട്ടേഷൻ സമർപ്പിക്കുന്നവർ താഴെ പറയുന്ന നിബന്ധനകൾ പാലിച്ചിരിക്കേണ്ടതാണ്.

1. വീഡിയോ റെക്കോർഡിങ്ങ് രേഖകൾക്ക് രഹസ്യ സ്വഭാവവും, ഡിജിറ്റൽ രേഖകൾ പൂർണ്ണമായും അതാതു ദിവസം ജോലികൾ പൂർത്തീകരിച്ച് കൊച്ചിൻ ദേവസ്വം ബോർഡ് ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർക്ക് കൈമാറേണ്ടതും, അതിനു ശേഷം ക്യാമറയിൽ നിന്നും കമ്പ്യൂട്ടറിൽ നിന്നും ഡിജിറ്റൽ രേഖകൾ ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ delete ചെയ്യേണ്ടതുമാണ്.

2. ദേവസ്വങ്ങൾ/ക്ഷേത്രങ്ങൾ സന്ദർശിച്ച് പ്രസ്തുത ജോലികൾ ചെയ്യുന്നതിന് കൊച്ചിൻ ദേവസ്വം ബോർഡ് ഉദ്യോഗസ്ഥർ പ്രോഗ്രാം നിശ്ചയിക്കുന്ന ദിവസങ്ങളിൽ, ഉദ്യോഗസ്ഥ ടീമിനൊപ്പം നിന്ന് പ്രവർത്തി ഏറ്റെടുത്ത് കൃത്യമായി ജോലികൾ നിർവ്വഹിക്കേണ്ടതാണ്.

3. കൊച്ചിൻ ദേവസ്വം ബോർഡ് ഭരണത്തിലുള്ള ഏകദേശം 400 ക്ഷേത്രങ്ങളിലും, 60 ദേവസ്വം ഓഫീസുകളിലും (4 ജില്ലകളിലായി) ടി ജോലി നിർവ്വഹിക്കുന്നതിന് അറിയിക്കുന്ന ദിവസങ്ങളിൽ കൃത്യസമയത്ത് തൃശ്ശൂർ ഹെഡ് ഓഫീസിൽ ഹാജരാകേണ്ടതാണ്.

4. ദേവസ്വം തിരിച്ച് ഡിജിറ്റൽ ഡിസ്ക്ക് തയ്യാറാക്കി വകുപ്പിന് നൽകേണ്ടതാണ്.ഡിജിറ്റൽ ഫയലിൽ ഉൾപ്പെടുത്തേണ്ട വിവരങ്ങൾ വകുപ്പിൽ നിന്നും നൽകുന്നതും, ആയത് ഉൾപ്പെടുത്തി ഡിജിറ്റൽ ജോലികൾ നിർവ്വഹിക്കേണ്ടതുമാണ്.

5. ഇപ്രകാരം ഡിജിറ്റലൈസ് ചെയ്യുന്ന രേഖകൾ യാതൊരു കാരണവശാലും പ്രവർത്തി ഏറ്റെടുക്കുന്നവർ ദുരുപയോഗം ചെയ്യാൻ പാടുള്ളതല്ല.

6. പ്രവർത്തി ഏറ്റെടുക്കുന്ന വ്യക്തി/സ്ഥാപനം കൊച്ചിൻ ദേവസ്വം ബോർഡ് തയ്യാറാക്കി നൽകുന്ന വിവരങ്ങൾ ഉൾപ്പെടുത്തി നിയമാനുസൃതമായ എഗ്രിമെന്റിൽ ഒപ്പുവെക്കേണ്ടതാണ്. ടി വർക്കിന് നിയോഗിക്കുന്നവർ ഹിന്ദുമതത്തിൽപ്പെട്ടവരാകേണ്ടതാണ്. ടി പ്രവർത്തി ചെയ്യുന്ന വ്യക്തികളുടെ വ്യക്തിഗത വിശദാംശങ്ങൾക്ക് അവരുടെ തിരിച്ചറിയൽ രേഖകളുടെ പകർപ്പുകൾ ഡിപ്പാർട്ട്മെന്റിന് നൽകേണ്ടതാണ്. ഏതെങ്കിലും കാരണത്താൽ പ്രവർത്തി പൂർത്തീകരിച്ചു നൽകാത്തപക്ഷമോ, ഇടക്ക് വെച്ച് നിർത്തി പോകുകയോ ചെയ്യുന്നപക്ഷം നിരതദ്രവ്യം പൂർണ്ണമായും വകുപ്പിലേക്ക് മുതൽകൂട്ടുന്നതാണ്.

7. ടി ജോലികൾക്കുള്ള പ്രവർത്തിപരിചയം സംബന്ധിച്ചും, യോഗ്യത തെളിയിക്കുന്ന രേഖകൾ സഹിതം മേൽപറഞ്ഞ നിബന്ധനകൾ എല്ലാം പാലിച്ചുകൊണ്ട് ടി പ്രവർത്തി ഏറ്റെടുത്ത് നടത്താൻ തയ്യാറുള്ള പരിചയസമ്പന്നരും, യോഗ്യതയുമുള്ള വ്യക്തികളിൽ നിന്നും/സ്ഥാപനങ്ങളിൽ നിന്നും 18.6.2018 ന് 3 പി.എം. വരെ കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ നേരിട്ടോ, രജിസ്ട്രേഡ് തപാൽ വഴിയോ ക്വട്ടേഷൻ സ്വീകരിക്കുന്നതും, അന്നേ ദിവസം 3.30 പി.എം.ന് ഹാജരുള്ളവരുടെ സാന്നിദ്ധ്യത്തിൽ ക്വട്ടേഷനുകൾ തുറന്നു പരിശോധിക്കുന്നതുമാണ്. നിരതദ്രവ്യം അടക്കം ചെയ്യാത്ത ക്വട്ടേഷനുകളും, യോഗ്യത സംബന്ധിച്ച രേഖകൾ അടക്കം ചെയ്യാത്ത ക്വട്ടേഷനുകളും നിരസിക്കുന്നതാണ്. മേൽവിഷയത്തിൽ കൂടുതൽ വിവരങ്ങൾ അറിയണമെന്നുള്ളവർക്ക് ഓഫീസ് പ്രവർത്തി സമയങ്ങളിലും, കൊച്ചിൻ ദേവസ്വം ബോർഡ് സിസ്റ്റം മാനേജരെ **(മൊബൈൽ നമ്പർ 9847590132)** ഫോണിൽ ബന്ധപ്പെട്ടും വിവരങ്ങൾ അറിയാവുന്നതാണ്.

8) ഒരു ദിവസത്തേക്ക് പ്രസ്തുത ഡിജിറ്റൽ ജോലികൾ ചെയ്യുന്നതിന് കൊച്ചിൻ ദേവസ്വം ബോർഡ് നൽകേണ്ട പ്രതിഫലം രേഖപ്പെടുത്തി ക്വട്ടേഷൻ സമർപ്പിക്കേണ്ടതാണ്. GST സംബന്ധിച്ച വിവരങ്ങൾ പ്രത്യേകം ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടതാണ്.

For

സ്പെഷ്യൽ ദേവസ്വം കമ്മീഷണർ
കൊച്ചിൻ ദേവസ്വം ബോർഡ്